പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 956 — 12.12.2012 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കളിൽ പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ. പ്രതാപൻ:<br>ശ്രീ. വി.റ്റി ബൽറാം:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.ടി.ഐ. കളിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ ഐ.ടി.ഐ. കളിൽ നിന്നും വിജയകരമായി കോഴ്സ്/ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്കായി www.skilljobs.kerala.gov.in. എന്ന പേരിൽ വകുപ്പ് ഒരു ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. 17.5.12 മുതൽ പോർട്ടൽ പ്രവർത്തനമാരംഭിച്ചു. ഇതുവരെ ടി പോർട്ടലിൽ 5054 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) പരിചയസമ്പന്നരായ ഐ.ടി.ഐ. സർട്ടിഫിക്കറ്റ്കാർക്കും പുതുതായി ഐ.ടി.ഐ. സർട്ടിഫിക്കറ്റ് നേടിയവർക്കും സൗജന്യമായി ഈ പോർട്ടലിൽ അവരുടെ പ്രൊഫൈൽ രജിസ്റ്റർ ചെയ്യാവുന്നതും കാലാകാലങ്ങളിൽ അവർ ആർജ്ജിക്കുന്ന കഴിവുകൾ അവരുടെ പ്രൊഫൈലിൽ കൂട്ടിച്ചേർക്കാവുന്നതാണ്. തൊഴിൽദായകർക്കും ടി പോർട്ടലിൽ രജിസ്ട്രേൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇടനിലക്കാരുടെ സഹായമില്ലാതെ യോഗ്യത അനുസരിച്ചുള്ള തൊഴിലാളികളെ ലഭ്യമാക്കുകയാണ് ലക്ഷ്യം വയ്ക്കുന്നത്. തൊഴിൽ പരിശീലനം സിദ്ധിച്ച |

മലയാളികളുടെ വിവരങ്ങൾ ഉൾപ്പെട്ട ഒരു ആഗോള സ്കിൽ രജിസ്റ്റർ എന്നതും ഈ ജോബ് പോർട്ടൽ ലക്ഷ്യമിടുന്നു.

(സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) തൊഴിലന്വേഷകർക്കും തൊഴിൽദാതാക്കൾക്കും ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. തൊഴിലന്വേഷകരുടെ യോഗ്യത അനുസരിച്ച് തൊഴിൽദാതാക്കൾക്ക് അനുയോജ്യരായ തൊഴിലാളികളെ തിരഞ്ഞെടുക്കാവുന്നതാണ്. ഇടനിലക്കാരെ ഒഴിവാക്കി സുതാര്യമായ മാർഗ്ഗത്തിലൂടെ തൊഴിൽ ദാതാക്കളെയും തൊഴിലന്വേഷകരെയും ഒരുമിപ്പിക്കുക എന്നതാണ് ജോബ് പോർട്ടൽ ചെയ്യുന്നത്. തൊഴിൽ ദാതാക്കൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതുവഴി ആധികാരികത ഉറപ്പുവരുത്തുന്നു. കൂടാതെ രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു. എന്നാൽ തൊഴിൽ അന്വേഷകർക്ക് തികച്ചും സൗജന്യവും നിബന്ധനകൾ ഇല്ലാതെയും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ?

(ഡി) ജോബ് പോർട്ടൽ സംവിധാനത്തിന് സ്ഥലപരിമിതിയില്ല. സംസ്ഥാനത്തെ എല്ലാ സർട്ടിഫിക്കറ്റ് ഹോൾഡർമാർക്കും ജോബ് പോർട്ടൽ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ